# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6352 21.11.2019 ൽ മറുപടിക്ക്**

**ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യൂ.ഡി. പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യൂ.ഡി. പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യൂ.ഡി പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭരണാനുമതി നൽകി വരുന്നു. |
| ബി) ഇല്ലെങ്കിൽ അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും, ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | ബി) 2019-20 സാമ്പത്തിക വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരിക്കുന്ന പദ്ധതികളിൽ, സർക്കാരിൽ ലഭ്യമാക്കിയ പ്രവൃത്തികളിൽ നിന്ന് നിയമസഭാ മണ്ഡലത്തിലെ ഒന്ന് (ബന്ധപ്പെട്ട ബഹു. എം.എൽ.എ ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) എന്ന മുൻഗണനാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകി വരികയാണ്. അപ്രകാരം ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളവയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**